# KERALA POLICE INFORMATION CENTRE

No.40/PR/PIC/PHQ/10 Date : 05/07/10

## വര്‍ക്ക്ഷോപ്പുകളില്‍ എത്തുന്ന വാഹനങ്ങളെ പോലീസ് നിരീക്ഷിക്കും

കുറ്റകൃത്യങ്ങളില്‍ ഏര്‍പ്പെടാനും കുറ്റകൃത്യത്തിന് ശേഷം രക്ഷപ്പെടാനും വാഹനങ്ങള്‍ ഉപയോഗിക്കുന്ന സംഭവങ്ങള്‍ വര്‍ദ്ധിച്ചു വരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് വാഹനങ്ങള്‍ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങള്‍ തടയാന്‍ വേണ്ടിയുള്ള നടപടികള്‍ കൂടുതല്‍ മെച്ചപ്പെടുത്തേണ്ടതുണ്ട്. കുറ്റകൃത്യങ്ങളില്‍ ഉള്‍പ്പെടുന്ന വാഹനങ്ങള്‍ പലപ്പോഴും കേടുപാടുകള്‍ സംഭവിക്കാന്‍ ഇടയുള്ളതും കേടുപാടുകള്‍ തീര്‍ക്കാന്‍ വാഹനങ്ങള്‍ വര്‍ക്ക്ഷോപ്പുകളില്‍ എത്തിക്കുന്നതും സാധാരണമാണ്. അതുകൊണ്ട് തന്നെ ആട്ടോമൊബൈല്‍ റിപ്പയര്‍ സ്ഥാപനങ്ങള്‍ കൂടുതല്‍ ശ്രദ്ധിക്കേണ്ടതുണ്ട്.

വര്‍ക്ക്ഷോപ്പുകളില്‍ റിപ്പയറിംഗിന് എത്തുന്ന വാഹനങ്ങളില്‍ ചിലതെങ്കിലും മോട്ടോര്‍ ആക്സിഡന്റ് കേസുകള്‍, ഹിറ്റ് ആന്റ് റണ്‍ കേസുകള്‍, മോഷണ കേസുകള്‍, കുറ്റകൃത്യങ്ങള്‍ നടത്താന്‍ ഉപയോഗിക്കല്‍ എന്നിവയില്‍ ഉള്‍പ്പെട്ടതാകാന്‍ ഇടയുണ്ട്. ഇപ്പോള്‍ ആട്ടോമൊബൈല്‍ വര്‍ക്ക്ഷോപ്പുകളുടെ പ്രവര്‍ത്തനം നിരീക്ഷിക്കുവാന്‍ സംവിധാനം ഒന്നും തന്നെയില്ല. അതുകൊണ്ടു തന്നെ കുറ്റവാളികള്‍ക്ക് വര്‍ക്ക്ഷോപ്പുകളെ കുറ്റകൃത്യങ്ങള്‍ നടത്താന്‍ വേണ്ടി സൗകര്യപ്രദമായ സങ്കേതങ്ങളാക്കി മാറ്റാന്‍ സാധിക്കുന്നു. ഈ സാഹചര്യത്തില്‍ സംസ്ഥാനത്തെ മോട്ടോര്‍ വാഹന വര്‍ക്ക്ഷോപ്പുകളുടെ പ്രവര്‍ത്തനം നിരീക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മേല്‍പ്പറഞ്ഞ വസ്തുതയുടെ പശ്ചാത്തലത്തില്‍ ഈ വിഷയത്തില്‍ പോലീസ് പ്രവര്‍ത്തനം മെച്ചപ്പെടുത്താന്‍ ഉദ്ദേശിച്ചുകൊണ്ട് താഴെപ്പറയുന്ന നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടുണ്ട്.

എസ്. എച്ച്. ഒ മാര്‍ തങ്ങളുടെ അധികാരപരിധിയില്‍ പ്രവര്‍ത്തിക്കുന്ന ആട്ടോമൊബൈല്‍ വര്‍ക്ക്ഷോപ്പുകളുടെ വിശദാംശങ്ങള്‍, ഉടമസ്ഥരുടെ വിവരങ്ങള്‍, ഫോണ്‍ നമ്പരുകള്‍ എന്നിവ ഉള്‍പ്പെടുത്തി ഒരു രജിസ്റ്റര്‍ സൂക്ഷിക്കേണ്ടതാണ്. ഉടമകളുടെയും മാനേജര്‍മാരുടെയും സ്വമനസ്സാലെയുള്ള സഹകരണത്തോടുകൂടി വര്‍ക്ക്ഷോപ്പുകളില്‍ കേടുപാടുകള്‍ തീര്‍ക്കാന്‍ എത്തുന്ന വാഹനങ്ങളെക്കുറിച്ചുള്ള വിവരങ്ങള്‍ ഉള്‍ക്കൊള്ളുന്ന രജിസ്റ്റര്‍ സൂക്ഷിക്കുന്നതിന് എല്ലാ വര്‍ക്ക്ഷോപ്പ് ഉടമസ്ഥന്‍മാര്‍ക്കും മാനേജര്‍മാര്‍ക്കും പോലീസ് നിര്‍ദ്ദേശം നല്‍കണം. വര്‍ക്ക്ഷോപ്പില്‍ വാഹനം കൊണ്ടു വന്ന തീയതി, വാഹനത്തിന്റെ തരം, രജിസ്ട്രേഷന്‍ നമ്പര്‍, വാഹനം റിപ്പയറിംഗിന് കൊണ്ടു വന്ന ആളുടെ പേര്, അപകടത്തെ തുടര്‍ന്ന് വാഹനത്തിനുണ്ടായ വലിയ കേടുപാടുകള്‍, കേടുപാടു തീര്‍ത്ത് വാഹനം തിരിച്ചയച്ച തീയതി എന്നിവയും രജിസ്റ്ററില്‍ രേഖപ്പെടുത്തുന്നത് ഉപകാരപ്രദമായിരിക്കും.

സംശയാസ്പദമായ സാഹചര്യങ്ങളില്‍ വാഹന റിപ്പയറിംഗിനായി എത്തുന്നവരെ തിരിച്ചറിയാന്‍ വര്‍ക്ക്ഷോപ്പുടമകളെ സഹായിക്കുന്നതിന് ഇത്തരം ഒരു രജിസ്റ്റര്‍ സൂക്ഷിക്കുന്നത് ഉപകരിക്കും. കുറ്റകൃത്യങ്ങളില്‍ ഉള്‍പ്പെടുന്നവരെ മനസ്സിലാക്കുന്നതിനും ഹിറ്റ് ആന്റ് റണ്‍ കേസുകളിലെ വാഹനങ്ങള്‍ കണ്ടുപിടിക്കുന്നതിനും ഈ നടപടി ക്രമം പോലീസിനെ സഹായിക്കും.

The contents of this document may be deemed to be based on received information which is subject to further verification